നമ്പർ. എസ്.എസ്.ജി-2/11161/റ്റിസി/2015

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, **27-07-2017**

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ലേണേഴ്സ് ലൈസൻസിന്റെ തീയതി ക്രമീകരിയ്ക്കുന്നത് — സംബന്ധിച്ച്

സൂചന :-
1 16-98, 20/98 എന്നീ സർക്കുലറുകൾ
2. സി1/8694/റ്റിസി/1997 എന്ന നമ്പരിലുള്ള 26-09-1998, 29-09-1998 എന്നീ തീയതികളിലെ ഉത്തരവുകൾ
3 24-06-2017 —ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്
4 05/2017,06/2017 എന്നീ സർക്കുലറുകൾ

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ ഓഫീസിൽനിന്നും ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനെ സംബന്ധിച്ച് പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾ എല്ലാം തന്നെ റോഡ് സുരക്ഷ, ഡ്രൈവിംഗ് ടെസ്റ്റിന്റെ ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നത് ഉദ്ദേശിച്ചുകൊണ്ടും, റീജിയണൽ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും ലഭ്യമായ, ഇപ്പോൾ നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റിന്റെ വിവരങ്ങൾ അനുസരിച്ചും, ഓഫീസിലെ മറ്റു സാങ്കേതിക സംവിധാനങ്ങളും, മനുഷ്യ വിഭവശേഷിയും, കണക്കിലെടുത്തുമാണ്. ഈ ഉത്തരവുകളുടെ അന്തസത്ത ഉൾക്കൊണ്ട് വേണം ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തേണ്ടത്.

എന്നാൽ,ഉത്തരവുകൾക്ക് വിരുദ്ധമായ രീതിയിൽ പല ഓഫീസുകളിലും അധികമായി ആളുകളെ ഉൾപ്പെടുത്തി ലേണേഴ്സ് /ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഡ്രൈവിംഗ് ടെസ്റ്റിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ളതും, റോഡ് സുരക്ഷ എന്ന ലക്ഷ്യത്തിനെ ഹനിക്കുന്നതുമാണ്.

ആയതിനാൽ, മേൽപ്പടി ഉത്തരവ് പ്രകാരമുള്ള രീതിയിൽ ലേണേഴ്സ് / ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതാവും അഭികാമ്യം. എന്നാൽ, സൂചന (3) പ്രകാരമുള്ള ഉത്തരവിൽ താങ്കൾക്ക് നൽകിയ എണ്ണം താങ്കളുടെ ഓഫീസിലെ മനുഷ്യ വിഭവശേഷിക്കും സാങ്കേതിക സംവിധാനങ്ങൾക്കും യോജിയ്ക്കാത്തവിധമാണെങ്കിൽ, പ്രസ്തുത വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ട്രാൻസ്പോർട്ട് കമ്മീഷണർ**